# പതിനാലാം കേരള നിയമസഭ

## ഇരുപതാം സമ്മേളനം

## ബുളളറ്റിൻ ഭാഗം - 2

2020 ആഗസ്റ്റ് 14

**നമ്പർ : 883**

**ഭരണഘടനയുടെ അനുച്ഛേദം 179 (സി) അനുസരിച്ചുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം**

സ്പീക്കറെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യുന്നതിനായി ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 179 (സി)യും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 65-ാം ചട്ടവും അനുസരിച്ച് ശ്രീ.എം.ഉമ്മർ താഴെപ്പറയുന്ന പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

" തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ ഡിപ്ലോമാറ്റിക് ബാഗേജിൽ സ്വർണ്ണം കടത്തിയെന്ന അതീവ ഗുരുതരവും രാജ്യദ്രോഹപരവുമായ കേസിലെ പ്രതികളായി എൻ.ഐ.എ സംശയിക്കുന്ന കുറ്റവാളികളുമായി കേരള നിയമസഭാ സ്പീക്കർ ശ്രീ.പി.ശ്രീരാമകൃഷ്ണനുള്ള വ്യക്തിപരമായ ബന്ധവും സംശയകരമായ അടുപ്പവും, സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വർക്ക് ഷോപ്പിന്റെ ഉദ്ഘാടനത്തിലും അതുമായി ബന്ധപ്പെട്ട ചടങ്ങുകളിലും നിയമസഭാ സ്പീക്കറുടെ സാന്നിദ്ധ്യവും, സഭയ്ക്ക് അപകീർത്തികരവും പവിത്രമായ നിയമസഭയുടെ അന്തഃസ്സിനും ഔന്നത്ത്യത്തിനും മാന്യതയ്ക്കും നിരക്കാത്തതുമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുന്നതിനും അതിന്റെ ഔന്നത്ത്യം കാത്തുസൂക്ഷിക്കുന്നതിനും ബാദ്ധ്യസ്ഥനായ സ്പീക്കർ, അദ്ദേഹത്തിന്റെ പദവിയുടെ മഹത്വം കാത്തുസൂക്ഷിക്കുന്നതിൽ തീർത്തും പരാജയപ്പെട്ടതിനാൽ ശ്രീ. പി. ശ്രീരാമകൃഷ്ണനെ കേരള നിയമസഭാ സ്പീക്കർ സ്ഥാനത്തുനിന്നും നീക്കം ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു. "

**എസ്.വി. ഉണ്ണികൃഷ്ണൻ നായർ,**
**സെക്രട്ടറി.**